**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2929 07.12.2018-ലെ മറുപടി**

**യൂഡിസ്മാറ്റ് വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ. കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| എ | തലശ്ശേരി മുനിസിപ്പാലിറ്റിയിൽ യൂഡിസ്മാറ്റ് വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | എ കേരള വാട്ടർ അതോറിറ്റി കണ്ണൂർ വാട്ടർ സപ്ളൈ ഡിവിഷന്റെ കീഴിൽ ഉൾപ്പെടുത്തി തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തികൾ 4 പാക്കേജുകളായി നടന്നു വരുന്നു. ഈ പ്രവൃത്തികളിൽ പാക്കേജ് 1 ഉം പാക്കേജ് IV ഉം പൂർത്തീകരിച്ചു.<br>പാക്കേജ് 1 ൽ മൈലാടി ജല ശുദ്ധീകരണ ശാല മുതൽ തലശ്ശേരി വരെ ഗ്രാവിറ്റി മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കലും പൈപ്പ് ലൈൻ ബ്രിഡ്ജ് സ്ഥാപിക്കലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സുഗമമായി ശുദ്ധജല വിതരണം നടത്താൻ സാധിച്ചിട്ടുണ്ട്.<br>പാക്കേജ് II ൽ തലശ്ശേരി നഗരസഭയോട് കൂട്ടിച്ചേർത്ത പഴയ കോടിയേരി പഞ്ചായത്തിലെ പ്രദേശങ്ങളിലും ചിറക്കക്കാവ്, ഇല്ലിക്കുന്ന് പ്രദേശങ്ങളിലും വിതരണ ശൃംഖല സ്ഥാപിക്കലും മോറക്കുന്ന് ചിറക്കക്കാവ് എന്നീ പ്രദേശങ്ങളിൽ ജലസംഭരണികളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മൊത്തം പൈപ്പ് ലൈൻ 23.15 കി.മീ. വിതരണശൃംഖലയും മോറക്കുന്ന് ഉന്നതതല ജലസംഭരണിയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ചിറക്കക്കാവ് ടാങ്കിന്റെ പ്രവൃത്തി 85% പൂർത്തീകരിച്ചു.<br>പാക്കേജ് III യിൽ മൊത്തം പൈപ്പ് ലൈൻ 27.115 കി.മീ. പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. തലായി, കൊടുവള്ളി എന്നീ |

സ്ഥലങ്ങളിൽ 2 ഓവർഹെഡ്ടാങ്കുകൾ ഇനി 78% പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. ഈ പ്രവൃത്തി 57 ാം മത് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം റദ്ദ് ചെയ്യുകയും കോൺട്രാക്ടറുടെ റിസ്ക് ആൻറ് കോസ്റ്റിൽ പുനർ ദർഘാസ് നടപടികൾ സ്വീകരിക്കുകയും തുടർന്ന് 2 ദർഘാസുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസുകൾ അംഗീകരിക്കുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതാണ്. പാക്കേജ് IV ൽ മൈലാടിയിലെ ജലശുദ്ധീകരണ ശാലയുടെയും കീഴല്ലൂരിലെ റോ വാട്ടർ പമ്പ്ഹൗസിലെയും മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

**ബി** ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടികൾ ആണ് ആവശ്യമെന്നും വ്യക്തമാക്കുമോ?

**ബി** പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 4 പാക്കേജുകളിലായാണ് പ്രവൃത്തി നടപ്പിലാക്കിയത്. പാക്കേജ് I ലെയും IV ലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് II-ൽ ഉൾപ്പെട്ട ചിറക്കക്കാവ് ടാങ്കിന്റെ സ്ഥലം കൈമാറ്റം ചെയ്തു കിട്ടാൻ കാലതാമസം നേരിട്ടിരുന്നു. ടാങ്കിന്റെ പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാക്കേജ് II-ന്റെ പൂർത്തീകരണത്തിന് പി.ഡബ്ല്യു.ഡി. റോഡ് കട്ടിങ്ങ് അനുമതി ആവശ്യമുണ്ട്. റോഡ് കട്ടിങ്ങിനുള്ള അപേക്ഷ പി.ഡബ്ല്യു.ഡി.ക്ക് സമർപ്പിച്ചിട്ടുണ്ട്.

പാക്കേജ് III നിരവധി തവണ ടെൻഡർ ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല. നാലാമത്തെ തവണ ടെൻഡർ ക്ഷണിച്ചപ്പോഴാണ് M/s അക്വാ ഡിസൈൻസ് പ്രൈവറ്റ് ലിമിറ്റഡ് ദർഘാസ് സമർപ്പിക്കുകയും പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തത്. എന്നാൽ കരാറുകാരന്റെ ഭാഗത്തുണ്ടായ വീഴ്ച കാരണം

കരാർ റദ്ദ് ചെയ്യേണ്ടതായി വന്നു. അതിനു ശേഷം പ്രവൃത്തി റിസ്ക് ആന്റ് കോസ്റ്റിൽ നടപ്പിലാക്കുന്നതിന് 3 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. നാലാം തവണ ദർഘാസ് ക്ഷണിച്ചപ്പോൾ രണ്ടു കരാറുകാർ ദർഘാസുകൾ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചു വരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ